സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ്-I ആയി പ്രൊമോഷൻ ലഭിച്ചിട്ടും അവരെ ഗ്രേഡ്-II തസ്തികയിൽത്തന്നെ തുടരാൻ അനുവദിക്കുന്നത് DRB റൂൾസിന് വിരുദ്ധമാണോയെന്ന് വിശദമാക്കുമോ;

(ഇ) ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകൾ തമ്മിലുള്ള അനുപാതം എത്രയാണെന്നറിയിക്കാമോ ; തിരുവനന്തപുരം ജില്ലയിലെ ഈ അനുപാതം നിലവിൽ എത്രയാണെന്നുള്ള വിവരം നൽകുമോ ?

ഉത്തരം

(എ) ലാബ് ടെക്നീഷ്യൻ ഗ്രേഡ് - I -58

ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II- 58

(ബി) ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II -39

ലാബ് ടെക്നീഷ്യൻ ഗ്രേഡ് -I- 77

(സി & ഡി) ഗ്രേഡ് -2-ൽ നിന്നും ഗ്രേഡ് -I ആയി പ്രൊമോഷൻ ലഭിച്ച 19 പേർക്കും ഇപ്പോഴും കോടതിയിൽ നിലവിലുള്ള O.A-യുടെ വെളിച്ചത്തിൽ തുടരുന്നുണ്ട്. ഗ്രേഡ് -2 ഗ്രേഡ്-I ന്റെ നിയമനവും അനുപാതവും സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 1:1 ആണ് ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I ന്റെയും ഗ്രേഡ് -2 ന്റെയും അനുപാതം. തിരുവനന്തപുരം ജില്ലയിൽ ആകെ 116 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I, ഗ്രേഡ് -2 തസ്തികയുള്ളതിൽ 58 ഗ്രേഡ് -I, 58 ഗ്രേഡ് -2 എന്നിങ്ങനെ നിജപ്പെടുത്തിയിട്ടുണ്ട്.

## RCC യുടെ മലബാർ കേന്ദ്രം

111 (2662) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം മലബാർ മേഖലയിൽ വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ചികിത്സയ്ക്കായി തിരുവനന്തപുരം RCC-യിൽ വന്നുപോകുന്നതിന്റെയും മറ്റും ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ലക്ഷ്യമിട്ടുള്ള RCC-യുടെ സെൻറർ മലബാർ പ്രദേശത്ത് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പ്രസ്തുത സെൻറർ എപ്പോൾ പ്രവർത്തനസജ്ജമാകും എന്ന് കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മലബാർ മേഖലയിലെ ക്യാൻസർ രോഗികളുടെ ആവശ്യത്തിനായി തലശ്ശേരിയിൽ സംസ്ഥാന സർക്കാരിന്റെകീഴിൽ മലബാർ ക്യാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, കൊച്ചിയിൽ സമഗ്രമായ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അമ്മയും കുഞ്ഞും പദ്ധതി**

112 (2663) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്മയും കുഞ്ഞും പദ്ധതി എന്നു മുതൽ സംസ്ഥാനത്ത് ആരംഭിച്ചു ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ എത്രപേർ പദ്ധതിയുടെ ഗുണഭോക്താക്കളായി ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly